## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന: 1. ഉത്തരവ് നം. ഇ.എ3- 41801/16/ആ.വ.ഡ തീയതി 17.06.2016
2. ഉദ്യോഗാർത്ഥികളുടെ അപേക്ഷ

**ഉത്തരവ് നം. ഇ.എ3- 41801/16/ആ.വ.ഡ തീയതി 05.06.2017**

താഴെ പറയുന്ന ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി മേൽ സൂചന പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടി വ്യക്തികളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ സൂചന (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി വ്യക്തികളെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| നം. | പേരും മേൽവിലാസവും | പ്രവേശന കാലാവധി പൂർത്തിയായ തീയതി | പ്രവേശിക്കേണ്ട തീയതി | നിയമിക്കപ്പെട്ട സ്ഥലം |
|---|---|---|---|---|
| 1 | ഡോ. അനുപമ ശങ്കർ.എസ്<br>കുറ്റിക്കാടു വീട്,<br>പള്ളിപ്പാട്ടു മുറി,<br>ത്രിക്കുന്നപ്പുഴ-690515 | 06.06.2017 | 07.06.2017 | സി.എച്ച്.സി ചമ്പക്കുളം<br>ആലപ്പുഴ |
| 2 | ഡോ. അജു ആന്റണി<br>മുട്ടശ്ശേരിൽ വീട്, പോളിക്ളിനിക്കിന് എതിർവശം,<br>പുന്നപ്ര, ആലപ്പുഴ-688004 | 07.06.2017 | 08.06.2017 | കാഷ്വാലിറ്റി മെഡിക്കൽ ആഫിസർ<br>താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ആശുപത്രി, ഹരിപ്പാട്<br>ആലപ്പുഴ |

ടി ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ജില്ലാ മെഡിക്കൽ ആഫീസർ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

ജനറൽ ട്രാൻസ്ഫർ നടത്തുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഉദ്യോഗാർത്ഥികൾ

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
(ഓരോ ഉദ്യോഗാർത്ഥികളുടെയും തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട മെഡിക്കൽ ആഫീസർമാർ
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

**സീനിയർ സൂപ്രണ്ട്**